"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

മത്സ്യബന്ധന വകുപ്പ് - തദ്ദേശസ്വയം ഭരണ വകുപ്പിലെ അക്കൗണ്ടന്റ് ശ്രീമതി. രേഷ്മ.ആർ-ന്റെ മത്സ്യ കർഷക വികസന ഏജൻസിയിലെ അന്യത്ര സേവന കാലാവധി - ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.58/2024/F&P തീയതി,തിരുവനന്തപുരം, 29-01-2024

പരാമർശം:
1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ) 87/2021/മ.തു.വ. തീയതി 11/02/2021.
3. സ.ഉ.(സാധാ) 111/2022/മ.തു.വ തീയതി 03/03/2022.
4. സ.ഉ.(സാധാ) 181/2023//മ.തു.വ തീയതി 25/02/2023.
5. ഫിഷറീസ് ഡയറക്ടറുടെ 05/01/2024 ലെ DFTVM/356/2021-A1 നമ്പർ കത്ത്.

## ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിൽ മലപ്പുറം ജില്ലയിൽ താനാളൂർ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീമതി. രേഷ്മ ആർ-ന് കൊല്ലം മത്സ്യകർഷക വികസന ഏജൻസിയിൽ അക്കൗണ്ടന്റ് തസ്തികയിൽ പരാമർശം സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്ന അന്യത്ര സേവനത്തിന്റെ കാലാവധി നിലവിലുള്ള വ്യവസ്ഥകൾക്കും പരാമർശം സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി 18/02/2024 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(2) അന്യത്രസേവന കാലാവധി അവസാനിക്കുന്നതിന് മുമ്പ് ആയത് ദീർഘിപ്പിച്ച് ഉത്തരവ് ലഭിക്കാത്തപക്ഷം ഉദ്യോഗസ്ഥയെ യഥാസമയം വിടുതൽ ചെയ്യേണ്ടതാണ്. അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ലാത്തതിനാൽ പെൻഷനോ ഇൻക്രിമെന്റിനോ കണക്കാക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും ചെയ്യും. അന്യത്രസേവന കാലാവധി തീരുന്ന മുറയ്ക്ക് ഉദ്യോഗസ്ഥയെ ശമ്പളവും മറ്റലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതും അനുമതി ഇല്ലാതെ അന്യത്രസേവനത്തിൽ തുടരുന്ന ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
SREEDEVI I B
**അണ്ടർ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം -695003.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യകർഷക വികസന ഏജൻസി, തേവള്ളി, കൊല്ലം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ